# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 2526 | 09.12.2014-ൽ മറുപടിയ്ക്ക്

## ആദിവാസി കോളനികളിലെ പ്രായപൂർത്തിയാകാത്തവർക്ക് ബോധവൽക്കരണം

ചോദ്യം
ശ്രീ.എ.കെ.ബാലൻ

മറുപടി
കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ആദിവാസി കോളനികളിൽ പ്രായപൂർത്തിയാകാത്തവർ വിവാഹിതരാകുന്നതും കുട്ടികൾ ജനിക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങളിൽ നിന്നുമാണ് ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്; | എ) | ഉണ്ട്. ഇടുക്കി ജില്ലയിലെ മാങ്കുളം പഞ്ചായത്തിലും, മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിലെ വെറ്റിലക്കൊല്ലി കോളനി, കണ്ണൂർ ജില്ലയിലെ ആറളം ഫാമിലെ 9-ാം നമ്പർ ബ്ലോക്ക്, ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം തെക്ക് പഞ്ചായത്തിലെ പാതിരാപ്പള്ളി എന്നീ പ്രദേശങ്ങളിലാണ് ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. |
| ബി) | ഇത്തരം കുടുംബങ്ങൾക്ക് ശാരീരികവും മാനസികവുമായി പരിരക്ഷ, പാർപ്പിടം, ആഹാരം എന്നിവ നൽകാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | ബി) | ശൈശവ വിവാഹം നടത്തിയ കുടുംബങ്ങൾക്ക് പ്രത്യേകമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. എന്നിരുന്നാലും ഇത്തരം കേസ്സുകൾ ശ്രദ്ധയിൽപ്പെട്ട ഉടൻ താഴെപറയുന്ന പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ഇടുക്കി ജില്ലയിലെ കുട്ടിയെ വകുപ്പ് ഇടപെട്ട് അച്ഛനമ്മമാരുടെ സംരക്ഷണത്തിൽ ആക്കിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ചാലിയാർ ഗ്രാമപഞ്ചായത്തിലെ കുട്ടിയെ മണിമൂളി പ്രീ-മെട്രിക് ഹോസ്റ്റലിൽ ചേർത്ത് തുടർ പഠനം |

| | | | |
|---|---|---|---|
| | | | നടത്തുന്നതിനും നടപടി സ്വീകരിച്ചിരുന്നു. കണ്ണൂർ ജില്ലയിൽ ആറളം 9-ാം നമ്പർ ബ്ലോക്കിലെ കുട്ടിക്ക് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരമുള്ള ചികിത്സാ ധനസഹായം നൽകിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ കുട്ടിയെ മായിത്തറ പ്രീ-മെട്രിക് ഹോസ്റ്റലിലെ അന്തേവാസിയാക്കി ചേർത്തല ഗവൺമെന്റ് ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ ചേർത്ത് തുടർ പഠനം നടത്തി വരുന്നു. |
| സി) | മേലിൽ ഇത്തരം അനാരോഗ്യകരമായ പ്രവണതകൾ ഉണ്ടാകാതിരിക്കാൻ കൗൺസിലിംഗ് അടക്കമുള്ള ബോധവൽക്കരണ പരിപാടികൾ തുടങ്ങാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ? | സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരം അനാരോഗ്യകരമായ പ്രവണതകൾ ഉണ്ടാകാതിരിക്കാൻ ബോധവത്ക്കരണ ക്ലാസ്സുകൾ, കൗൺസിലിംഗ് എന്നിവ എല്ലാ ജില്ലകളിലും നടത്തിവരുന്നുണ്ട്. വയനാട്, ഇടുക്കി, മലപ്പുറം, തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ പ്രത്യേകമായി വനിതാ സോഷ്യൽ വർക്കർമാരെ ഇത്തരം ബോധവൽക്കരണം നടത്തുന്നതിന് നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

Haripriya

സെക്ഷൻ ഓഫീസർ